**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1529** **10-10-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് റവന്യൂ ഡിവിഷൻ ഓഫീസിലെ തീർപ്പാകാത്ത ഫയലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് റവന്യൂ ഡിവിഷൻ ഓഫീസിൽ എത്ര ഫയലുകൾ തീർപ്പാകാതെ ഉണ്ടെന്നും, ഏതെല്ലാം സ്വഭാവത്തിലുള്ള ഫയലുകളാണിവയെന്നും വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് റവന്യൂ ഡിവിഷൻ ഓഫീസിൽ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതിയിൽ വിചാരണയിലിരിയ്ക്കുന്ന കേസുകൾ ഒഴിവാക്കി ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട ഓൺലൈൻ ഫയലുകൾ ഉൾപ്പെടെ 1771 ഫയലുകളാണ് തീർപ്പ് കൽപിക്കുവാൻ ബാക്കിയുള്ളത്.<br><br>അപ്പീൽ, വഴി തടസ്സം, ഭൂമി പതിവ്, ജനനം/മരണം വൈകി രജിസ്റ്റർ ചെയ്യൽ, ഭൂമി തരം മാറ്റം, അനധികൃത ഭൂമി പരിവർത്തനം, പട്ടിക വർഗ്ഗ ഭൂമി വിൽപ്പനാനുമതി, പട്ടിക വർഗ്ഗ ഭൂമി അന്യാധീനപ്പെടലും തിരിച്ചെടുക്കലും, അനധികൃത മണൽ ഖനനം, അനധികൃത ചെങ്കൽ-കരിങ്കൽ ക്വാറി പ്രവർത്തനം, അനധികൃത മണ്ണെടുപ്പ്, ഫെയർ ലാന്റ് വാല്യൂ, ഫുഡ് സേഫ്റ്റി അഡ്ജ്യൂഡിക്കേഷൻ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഫയലുകളാണ് തീർപ്പ് കൽപിക്കുവാൻ ബാക്കിയുള്ളത്. |
| (ബി) | ഈ ഫയലുകൾ എത്രകാലമായി കെട്ടിക്കിടക്കുന്നുണ്ടെന്നും, ഫയലിന്മേൽ തീരുമാനമാകാനുള്ള കാലതാമസത്തിന് കാരണമെന്താണെന്നും കാലതാമസത്തിനുള്ള കാരണം അപേക്ഷകരെ അറിയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (ബി) | 10 വർഷം മുതൽ 15 ദിവസം വരെയുള്ള ഫയലുകൾ തീർപ്പ് കൽപിക്കുവാൻ ബാക്കിയുണ്ട്. കോടതി കേസുകൾ, മതിയായ രേഖകൾ ഹാജരാക്കാതിരിക്കുന്നത്, മറ്റ് ഓഫീസുകളിൽനിന്നും റിപ്പോർട്ട് ലഭിയ്ക്കാത്തത്, ജില്ലാ കളക്ടറുടെ/സർക്കാർ ഉത്തരവ് ആവശ്യമുള്ളത്, വിചാരണയോ സ്ഥല പരിശോധനയോ നടത്തേണ്ടത് എന്നീ കാരണങ്ങൾ മൂലമാണ് ഫയലുകൾ തീർപ്പ് കൽപിക്കുവാൻ കാലതാമസം നേരിടുന്നത്. വളരെയേറെ കാലപ്പഴക്കം ചെന്ന ഫയലുകൾ തീർപ്പാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗങ്ങൾ കൂടി നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭിയ്ക്കാൻ കാലതാമസം നേരിടുന്ന ഫയലുകളിൽ കൃത്യമായ ഇടവേളകളിൽ ഓർമ്മക്കുറിപ്പുകൾ നല്കാറുണ്ട്. പൊതുജനങ്ങളുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | ഫയലുകളിൽ നിലവിലെ സ്ഥിതി ഓൺലൈൻ മുഖേന അറിയുവാൻ കഴിയാത്ത ഫയലുകളിൽ കാലതാമസത്തിനുള്ള കാരണം കക്ഷികളെ അറിയിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ